കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -വള്ളുവനാട് തനിമ മഹോത്സവത്തിന് തനതുഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.677/2020/ത.സ്വ.ഭ.വ — തിരുവനന്തപുരം, തീയതി, 19/03/2020

പരാമർശം:- പെരിന്തൽമണ്ണ നഗരസഭ ചെയർമാൻ സമർപ്പിച്ച 22/01/2020 ലെ കത്ത്

ഉത്തരവ്

പെരിന്തൽമണ്ണ താലൂക്കിലെ 14 പഞ്ചായത്തുകളും പെരിന്തൽമണ്ണ നഗരസഭയും സംയുക്തമായി മതനിരപേക്ഷതയുടെ സംരക്ഷണം ,മതസൗഹാർ ദ്ദം ,വള്ളുവനാടിന്റെ തനിമ കലാ സംസ്കാരം,വ്യാപാരം ,വ്യവസായം എന്നിവയുടെ പരിപോഷണം എന്നീ ലക്ഷ്യങ്ങളോടെ കഴിഞ്ഞ 5 വർഷമായി തുടർച്ചയായി സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന വ്യത്യസ്തമായ സാംസ്കാരിക -ആഘോഷ പരിപാടിയാണ് 12 ദിവസം നീണ്ടു നിൽക്കുന്ന വള്ളുവനാട് തനിമ മഹോത്സവം. ഒരുകോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ടി പരിപാടിക്ക് സമീപത്തെ 14 പഞ്ചായത്തുകളിൽ നിന്നും രണ്ടു ലക്ഷം രൂപ വീതവും പെരിന്തൽമണ്ണ നഗരസഭയിൽ നിന്നും 30 ലക്ഷം രൂപയും ചെലവഴിക്കുന്നതിനുള്ള അനുമതിക്കായാണ് പെരിന്തൽമണ്ണ നഗരസഭ ചെയർമാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 12 ദിവസം നീണ്ടു നിൽക്കുന്ന വള്ളുവനാട് തനിമ മഹോത്സവത്തിന് പെരിന്തൽമണ്ണ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും രണ്ടു ലക്ഷം രൂപ ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

സജന് സി വി ഐ എ സ്

ഡെപ്യൂട്ടിസെക്രട്ടറി

ചെയർമാൻ, പെരിന്തൽമണ്ണ നഗരസഭ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown
Digitally signed by SMITHA B CHANDRA
Date: 2020.03.19 14:49:24 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്